## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1424**

**21/03/2012-ൽ മറുപടിക്ക്**

## ആശ്രയ പദ്ധതി

| ചോദ്യം | ഉത്തരം<br>ശ്രീ. കെ.സി.ജോസഫ് |
|---|---|
| ശ്രീ. ഇ. ചന്ദ്ര ശേഖരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. കെ. രാജു<br>ശ്രീ. ഇ. കെ. വിജയൻ | ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് ആരംഭിച്ച ആശ്രയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; | (എ) സമൂഹത്തിലെ നിരാലംബരായ അഗതികൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയ അതിജീവനാവശ്യങ്ങളും, ഭൂമി, കിടപ്പാടം, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളും തൊഴിൽ പരിശീലനം, വ്യക്തിത്വ വികാസം തുടങ്ങിയ വികസന ആവശ്യങ്ങളും സമൂഹവുമായി അടുത്തിടപഴകുന്നതിന് സഹായിക്കുന്ന കൗൺസിലിംഗ് തുടങ്ങിയവയും ഉൾപ്പെടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി നൽകുന്നത് ലക്ഷ്യമാക്കിയാണ് ആശ്രയ പദ്ധതി ആരംഭിച്ചിട്ടുള്ളത്. |
| (ബി) മൊത്തം എത്ര പഞ്ചായത്തുകൾ ഈ പദ്ധതി നടപ്പിലാക്കി ; | (ബി) സംസ്ഥാനത്തൊട്ടാകെ 940 പഞ്ചായത്തുകളിൽ ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പഞ്ചായത്തുകൾ നൽകിയ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കാനുണ്ടോ; എങ്കിൽ എത്ര പഞ്ചായത്തുകൾക്ക് ഫണ്ട് യഥാസമയം അനുവദിക്കാൻ കഴിയാതെ പോയി എന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ; | (സി) & (ഡി) | 2011 ഡിസംബർ, 2012 ജനുവരി മാസങ്ങളിൽ സർക്കാർ ആശ്രയ പ്രോജക്ടിന് അംഗീകാരം നൽകിയ 19 ഗ്രാമപഞ്ചായത്തുകൾക്ക് ആശ്രയ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. |
| (ഡി) | സ്തംഭനാവസ്ഥയിലായിരിക്കുന്ന ഈ പദ്ധതി മുന്നോട്ടുകൊണ്ടു പോകുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ